ഉത്തരം

(എ) എക്സ്പ്രസ് ഹൈവേ നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി കടത്തിടപാട് നടത്തിയിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

(ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ദേശീയ പാത വികസന പദ്ധതി (എൻ.എച്ച്.ഡി.പി.)യായ ചതുഷ്കോണ റോഡ് നിർമ്മാണത്തിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, എൻ. എച്ച്. ഡി. പി. യുടെ ഭാഗമായ ഉത്തര ദക്ഷിണ എക്സ്പ്രസ് വേയിൽ ബന്ധിക്കുന്ന സേലം കൊച്ചി പാത നാലുവരിയാക്കുന്ന പ്രവർത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടത്തിവരുന്നു.

(ഇ) ഇല്ല.

ലോകബാങ്കിന്റെയും നബാർഡിന്റെയും വായ്പകൾ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ

44 (4323) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന് നൽകുന്ന തുകയും നബാർഡ് റോഡുകളുടേയും പാലങ്ങളുടേയും പണിക്കുവേണ്ടി നൽകുന്ന തുകയും തിരിച്ചയ്ക്കുന്നതിനുള്ള വ്യവസ്ഥകളെന്തെല്ലാമാണ് ;

(ബി) ഈ വായ്പകൾക്ക് നൽകേണ്ട പലിശ എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഒരു വർഷം ശരാശരി എന്തു തുക വീതം ലോകബാങ്കിനും നബാർഡിനും അവർ നൽകിയ വായ്പ തിരിച്ചടയ്ക്കുന്നതിന് ചെലവുവരും ;

(ഡി) പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് അലോട്ട്മെന്റിൽ നിന്നാണോ കൊടുക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോകബാങ്ക് സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന് നൽകുന്ന തുക 5 വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷം കൊണ്ട് തിരിച്ചടയ്ക്കണം.

റോഡുകളുടെയും പാലങ്ങളുടെയും പണികൾക്കുവേണ്ടി നബാർഡ് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്:

RIDF II to V	നബാർഡ് വായ്പ അനുവദിക്കുന്ന ദിവസം മുതൽ 2 വർഷത്തെ ഗ്രേഡ് പിരീയഡ് ഉൾപ്പെടെ 5 വർഷത്തിനുള്ളിൽ3 വാർഷിക തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.
RIDF VI to VIII	നബാർഡ് തുക അനുവദിക്കുന്ന ദിവസം മുതൽ 2 വർഷത്തെ ഗ്രേഡ് പീരീയഡ് ഉൾപ്പെടെ 57 വർഷത്തിനുള്ളിൽ 5 വാർഷിക തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.

(ബി)

ലോക ബാങ്ക്	നബാർഡ്
8.5%	RIDF II to V : 12%
	RIDF VI : 11.5 %
	RIDF VII : 10.5%
	RIDF VIII : 8.5%

(സി & ഡി) വിശദാംശങ്ങൾ ധനകാര്യ വകുപ്പാണ് തീരുമാനിക്കുന്നത്.

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന റോഡ് പണികളുടെ മേൽനോട്ടം

45 (4324) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എം. മുരളി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന റോഡുപണി സൂപ്പർവൈസ് ചെയ്യാനും പണി സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാനും പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥന്മാർ അപ്രകാരം ചെയ്യുന്നുണ്ടോ :

(സി) എല്ലാവിധത്തിലും ഈ റോഡുപണി കുറ്റമറ്റതാക്കാൻ ഗവൺമെന്റ് എന്തെല്ലാം സംവിധാനം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly